REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 08-04-2025** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- **രാജ്യത്ത് രൂപീകരിക്കുന്ന 25,000 കോടി രൂപയുടെ മാരിടൈം വികസന ഫണ്ട് 2030 ഓടെ വൻ നിക്ഷേപം കൊണ്ടുവരുമെന്ന് കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ.**
- **പോർച്ചുഗൽ സന്ദർശിക്കുന്ന രാഷ്ട്രപതി ദ്രൗപതി മുർമുവിന് ലിസ്ബൺ നഗരത്തിന്റെ ഏറ്റവും ഉയർന്ന ബഹുമതി "സിറ്റി കീ ഓഫ് ഓണർ" സമ്മാനിച്ചു.**
- **തദ്ദേശ സ്ഥാപനങ്ങളുടെ K സ്മാർട്ട് പദ്ധതി മുഖ്യമന്ത്രി പിണറായി വിജയൻ മറ്റന്നാൾ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.**
- **പാലക്കാട്, കൊല്ലം ജില്ലകളുടെ മാലിന്യമുക്ത പ്രഖ്യാപനം ഇന്നലെ നടത്തി.**
- **ISL ഫുട്ബോളിൽ മോഹൻ ബഗാൻ സൂപ്പർ ജയന്റ്, ജംഷഡ്പൂർ FC യെ പരാജയപ്പെടുത്തി.**

## വാർത്തകൾ വിശദമായി

രാജ്യത്ത് രൂപീകരിക്കുന്ന 25,000 കോടി രൂപയുടെ മാരിടൈം വികസന ഫണ്ട് വിനിയോഗിച്ച് 2030 ഓടെ മേഖലയിൽ ഒന്നര ലക്ഷം കോടി രൂപ നിക്ഷേപം കൊണ്ടുവരാൻ കഴിയുമെന്നാണ് കണക്കാക്കുന്നതെന്ന് കേന്ദ്ര മന്ത്രി സർബാനന്ദ സോനോവാൾ പറഞ്ഞു. കൊച്ചി കപ്പൽശാല നിർമ്മിക്കുന്ന രണ്ട് ഹരിത ടഗ്ഗുകളുടെ സ്റ്റീൽ കട്ടിംഗ് ചടങ്ങിൽ സംസാരിക്കുകയായിരുന്നു കേന്ദ്ര മന്ത്രി.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്).....

കപ്പൽ നിർമ്മാണം, അറ്റകുറ്റപ്പണികൾ, പൊളിക്കൽ, ഉൾനാടൻ ജലഗതാഗതം തുടങ്ങിയ മേഖലകളുടെ വളർച്ചയ്ക്ക് മാരിടൈം വികസന ഫണ്ട് കരുത്ത് നൽകുമെന്ന് സർബാനന്ദ സോനോവാൾ പറഞ്ഞു.

തുറമുഖങ്ങളിൽ കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിന്റെ ഭാഗമായി ഇപ്പോഴത്തെ ടഗ്ഗുകൾ ഹരിത ടഗ്ഗുകൾ ആക്കി മാറ്റും. 16 ഹരിത ടഗ്ഗുകൾ രാജ്യത്തെ തുറമുഖങ്ങളിൽ വിന്യസിക്കുമെന്നും അദ്ദേഹം അറിയിച്ചു.

കൊച്ചി കപ്പൽശാലയിലെ ആധുനിക പ്ലാസ്മ കം ഓക്സി ഫ്യൂവൽ പ്ലേറ്റ് കട്ടിംഗ് മെഷീൻ അദ്ദേഹം ഉദ്ഘാടനം ചെയ്തു. കപ്പൽശാല നിർമ്മിക്കുന്ന സക്ഷൻ ഹോപ്പർ ഡ്രഡ്ജറിന്റെ നിർമ്മാണ പുരോഗതിയും കേന്ദ്ര മന്ത്രി വിലയിരുത്തി.

✪✪✪

സർബാനന്ദ സോനോവാൾ ഇന്ന് കൊച്ചിയിലെ ഇന്ത്യൻ മാരിടൈം യൂണിവേഴ്സിറ്റിയിൽ പെൺകുട്ടികളുടെ ഹോസ്റ്റൽ - ലൈബ്രറി കെട്ടിടത്തിന് തറക്കല്ലിടും.

വെല്ലിങ്ടൺ ഐലൻഡിലെ ഇന്ത്യൻ മാരി ടൈം യൂണിവേഴ്സിറ്റി ക്യാമ്പസിൽ രാവിലെയാണ് ചടങ്ങ്.

✪✪✪

പോർച്ചുഗൽ സന്ദർശിക്കുന്ന രാഷ്ട്രപതി ദ്രൗപതി മുർമുവിന് ലിസ്ബൺ നഗരത്തിന്റെ ഏറ്റവും ഉയർന്ന ബഹുമതി "സിറ്റി കീ ഓഫ് ഓണർ" സമ്മാനിച്ചു. ലിസ്ബൺ മേയർ കാർലോസ് മാനുവലാണ് ബഹുമതി ചടങ്ങ് സംഘടിപ്പിച്ചത്. ഇന്ത്യൻ പൗരന്മാർ പോർച്ചുഗലിലെ നാലാമത്തെ വലിയ സമൂഹമാണെന്നും രണ്ട് സംസ്കാരങ്ങൾക്കിടയിലെ പാലമായി വർത്തിക്കുകയും രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്ക് സംഭാവന നൽകുന്നുണ്ടെന്നും രാഷ്ട്രപതി പറഞ്ഞു.

✪✪✪

ആറ് ദിവസത്തെ യൂറോപ്പ് പര്യടനത്തിന്റെ ഭാഗമായി കേന്ദ്രധനമന്ത്രി നിർമ്മല സീതാരാമൻ ഇന്നലെ വൈകിട്ട് ലണ്ടനിലെത്തി. UK യിലെ ഇന്ത്യൻ ഹൈക്കമ്മീഷണർ വിക്രം ദൊരൈസ്വാമി ഹീത്രോ വിമാനത്താവളത്തിൽ

കേന്ദ്രമന്ത്രിയെ സ്വീകരിച്ചു. ഇന്ന് മുതൽ 13 വരെയാണ് ധനമന്ത്രിയുടെ ഓസ്ട്രിയ ഉൾപ്പെടെ യൂറോപ്പ് സന്ദർശനം.

ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സുമായി സഹകരിച്ച് ഇന്ത്യൻ ഹൈക്കമ്മീഷനിൽ ഇന്ന് നടത്തുന്ന സെഷനിൽ അവർ പങ്കെടുക്കും.

✪✪✪

ദുബായ് കിരീടാവകാശിയും UAE ഉപപ്രധാനമന്ത്രിയും പ്രതിരോധ മന്ത്രിയുമായ ഷെയ്ഖ് ഹംദാൻ ബിൻ മുഹമ്മദ് അൽ മക്തൂം രണ്ട് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിന് ഇന്ന് ന്യൂഡൽഹിയിലെത്തും. ദുബായ് കിരീടാവകാശി എന്ന നിലയിൽ മക്തൂമിന്റെ ആദ്യ ഇന്ത്യ സന്ദർശനമാണിത്. നിരവധി മന്ത്രിമാർ, മുതിർന്ന ഉദ്യോഗസ്ഥർ, ഉന്നതതല ബിസിനസ് പ്രതിനിധി സംഘം എന്നിവർ അദ്ദേഹത്തോടൊപ്പം ഉണ്ടാകും.

✪✪✪

പ്രധാൻമന്ത്രി മുദ്ര വായ്പാ പദ്ധതിയിൽ ഇതുവരെ 32 ലക്ഷം കോടി രൂപയുടെ വായ്പകൾ വിതരണം ചെയ്തതായി ധനകാര്യ സേവന സെക്രട്ടറി M നാഗരാജു ന്യൂഡൽഹിയിൽ അറിയിച്ചു. 52 കോടിലേറെ അപേക്ഷകർക്കാണ് വായ്പ അനുവദിച്ചത്. 2015 ലാണ് ഈട് കൂടാതെ പത്ത് ലക്ഷം രൂപ വരെ സംരംഭകർക്ക് വായ്പ നൽകുന്ന പദ്ധതിക്ക് തുടക്കമിട്ടത്. വായ്പ ലഭിച്ചവരിൽ 68 ശതമാനവും വനിതാ സംരംഭകരാണ്.

✪✪✪

റിസർവ് ബാങ്കിന്റെ മൂന്ന് ദിവസത്തെ ദ്വൈമാസ പണനയ അവലോകന യോഗം മുംബൈയിൽ ആരംഭിച്ചു. ഗവർണർ സഞ്ജയ് മൽഹോത്രയുടെ നേതൃത്വത്തിൽ ആറ് അംഗ സമിതിയുടെ തീരുമാനം നാളെ പ്രഖ്യാപിക്കും. ഇതിന്റെ അടിസ്ഥാനത്തിലായിരിക്കും റിപ്പോ നിരക്കുകൾ തീരുമാനിക്കുന്നത്.

✪✪✪

മുംബൈ ഭീകരാക്രമണ കേസിൽ ഇന്ത്യയ്ക്ക് കൈമാറാനെടുത്ത ഉത്തരവ് സ്റ്റേ ചെയ്യണമെന്ന പ്രതി തഹാവൂർ റാണയുടെ ഹർജി അമേരിക്കൻ സുപ്രീംകോടതി തള്ളി. ലോസ്ഏഞ്ചൽസിലെ ജയിലിൽ കഴിയുന്ന പാകിസ്ഥാനി വംശജനായ കനേഡിയൻ പൗരനാണ് ഇയാൾ. കഴിഞ്ഞ ഫെബ്രുവരി 27 നാണ് ഇയാൾ സ്റ്റേ അപേക്ഷ നൽകിയത്. ഈ മാസം നാലിന് ചേർന്ന കോടതി അപേക്ഷ നിരസിക്കുകയായിരുന്നു.

✪✪✪

മുംബൈ ഭീകരാക്രമണ കേസിൽ ഇന്ത്യയ്ക്ക് കൈമാറാനെടുത്ത ഉത്തരവ് സ്റ്റേ ചെയ്യണമെന്ന പ്രതി തഹാവൂർ റാണയുടെ ഹർജി അമേരിക്കൻ സുപ്രീംകോടതി തള്ളി. ലോസ്ഏഞ്ചൽസിലെ ജയിലിൽ കഴിയുന്ന പാകിസ്ഥാനി വംശജനായ കനേഡിയൻ പൗരനാണ് ഇയാൾ. കഴിഞ്ഞ ഫെബ്രുവരി 27 നാണ് ഇയാൾ സ്റ്റേ അപേക്ഷ നൽകിയത്. ഈ മാസം നാലിന് ചേർന്ന കോടതി അപേക്ഷ നിരസിക്കുകയായിരുന്നു.

✪✪✪

തദ്ദേശ സ്ഥാപനങ്ങൾ നൽകുന്ന സേവനങ്ങൾ ഏകീകൃത പ്ലാറ്റ്ഫോമിലൂടെ ലഭ്യമാക്കുന്ന K സ്മാർട്ട് പദ്ധതി മുഖ്യമന്ത്രി പിണറായി വിജയൻ മറ്റന്നാൾ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. കവടിയാർ ഉദയ്പാലസ് കൺവൻഷൻ സെന്ററിലാണ് പരിപാടി. K സ്മാർട്ട് വഴി അനുവദിക്കുന്ന ആദ്യ ജനന സർട്ടിഫിക്കറ്റ് പ്രതിപക്ഷ നേതാവ് VD സതീശൻ കൈമാറും. ഓൺലൈൻ വസ്തുനികുതി രസീത് മന്ത്രി K രാജനും വിതരണം ചെയ്യും. K സ്മാർട്ട് സ്കൂൾ ഓഫ് ടെക്നോളജി ലോഞ്ചിംഗ് മന്ത്രി KN ബാലഗോപാൽ ചടങ്ങിൽ നിർവഹിക്കും. സ്വയം സാക്ഷ്യപ്പെടുത്തിയ കെട്ടിട പെർമിറ്റുകൾ മന്ത്രി V ശിവൻകുട്ടിയും, K സ്മാർട്ട് വിഡിയോ KYC വഴി ആദ്യ, വിവാഹ സർട്ടിഫിക്കറ്റ് മന്ത്രി G R അനിലും കൈമാറും.

✪✪✪

വൃത്തി 2025 - ദേശീയ കോൺക്ലേവ് മുഖ്യമന്ത്രി പിണറായി വിജയൻ നാളെ തിരുവനന്തപുരം കനകക്കുന്നിൽ ഉദ്ഘാടനം ചെയ്യും. മാലിന്യ സംസ്കരണത്തിൽ സംസ്ഥാനം കൈവരിച്ച മുന്നേറ്റങ്ങളും, ഭാവി പദ്ധതികളും 5 ദിവസത്തെ കോൺക്ലേവ് ചർച്ച ചെയ്യും.

✪✪✪

പാലക്കാട്, കൊല്ലം ജില്ലകളുടെ മാലിന്യമുക്ത പ്രഖ്യാപനം ഇന്നലെ നടത്തി. ചടങ്ങിൽ മികച്ച മാലിന്യമുക്ത പ്രവർത്തനങ്ങൾ കാഴ്ചവെച്ച തദ്ദേശ സ്ഥാപനങ്ങളെയും മറ്റ് സംഘടനകളെയും ആദരിച്ചു.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

....(വോയ്സ്)...

ഒത്തു ചേർന്നാൽ അസാധ്യമായി ഒന്നുമില്ല എന്ന് തെളിയിക്കുന്ന പ്രവർത്തനങ്ങളാണ് മാലിന്യമുക്ത നവകേരളം ക്യാമ്പയിനിലൂടെ സംസ്ഥാനത്ത് ഉണ്ടായതെന്ന് മന്ത്രി MB രാജേഷ് പാലക്കാട്ട് പറഞ്ഞു. മാലിന്യ

സംസ്കരണ രംഗത്ത് കൈവരിച്ച നേട്ടങ്ങൾ നിലനിർത്തിയും, ചെറിയ പിഴവുകൾ പരിഹരിച്ചും മുന്നോട്ട് പോകണമെന്നും അദ്ദേഹം അറിയിച്ചു.

കൊല്ലം ജില്ലയുടെ മാലിന്യമുക്തം നവകേരളം പ്രഖ്യാപനം മന്ത്രി J ചിഞ്ചുറാണി നിർവഹിച്ചു. സംസ്ഥാനത്തെ ആദ്യ ബയോമൈനിംഗ് പദ്ധതിയിലൂടെ കുരീപ്പുഴ ചണ്ടി ഡിപ്പോയിലെ മാലിന്യങ്ങൾ നീക്കി മികച്ച മാതൃകയാണ് ജില്ല സൃഷ്ടിച്ചതെന്ന് മന്ത്രി പറഞ്ഞു.

ഇടുക്കി ജില്ലയുടെ മാലിന്യമുക്ത പ്രഖ്യാപനം ഇന്ന് നടത്തും. ഉച്ചകഴിഞ്ഞ് ചെറുതോണി ടൗൺഹാളിൽ മന്ത്രി റോഷി അഗസ്റ്റ്യൻ പ്രഖ്യാപനം നിർവഹിക്കും.

✪✪✪

ISL ഫുട്ബോളിൽ മോഹൻ ബഗാൻ സൂപ്പർ ജയന്റ്, ജംഷഡ്പൂർ FC യെ പരാജയപ്പെടുത്തി. കൊൽക്കത്തയിൽ എതിരില്ലാത്ത രണ്ടു ഗോളിനാണ് മോഹൻ ബഗാന്റെ ജയം.

ശനിയാഴ്ച ഫൈനലിൽ മോഹൻ ബഗാൻ, ബംഗലൂരു FC യെ നേരിടും.

✪✪✪

IPL ട്വന്റി-20 ക്രിക്കറ്റിൽ റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂരിന് ജയം. മുംബൈയിലെ വാങ്കഡെ സ്റ്റേഡിയത്തിൽ മുംബൈ ഇന്ത്യൻസിനെ 12 റൺസിനാണ് അവർ പരാജയപ്പെടുത്തിയത്.

ഇന്ന് കൊൽക്കത്തയിൽ വൈകിട്ട് മൂന്നരയ്ക്ക് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, ലക്നൗ സൂപ്പർ ജയന്റ്സിനെയും, ചണ്ഡീഗഡിൽ വൈകിട്ട് ഏഴരയ്ക്ക് പഞ്ചാബ് കിങ്സ്, ചെന്നൈ സൂപ്പർ കിങ്സിനെയും നേരിടും.

✪✪✪

പൊതു ഗതാഗത മേഖലയിലെ 80 ശതമാനം വിപണിയും സ്വന്തമാക്കുക എന്നതാണ് KSRTC യുടെ ലക്ഷ്യമെന്ന് മന്ത്രി KB ഗണേഷ് കുമാർ പറഞ്ഞു. ക്രിസ്തുമസ്, ഓണം തുടങ്ങിയ ആഘോഷ കാലത്ത് സ്വകാര്യ ബസ്സുകൾ യാത്രക്കാരെ ചൂഷണം ചെയ്യുന്നത് അവസാനിപ്പിക്കുമെന്നും അദ്ദേഹം അറിയിച്ചു. പാലക്കാട് KSRTC യിലെ ശീതീകരിച്ച വിശ്രമ കേന്ദ്രവും, പുതിയ സർവീസുകളും ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

യാത്രക്കാർക്ക് മികച്ച സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി 48 ബംഗളൂരു സർവീസുകളിലും ആധുനിക സജ്ജീകരണങ്ങളൊരുക്കിയ ബസുകൾ ഇറക്കുമെന്നും ഗണേഷ് കുമാർ പറഞ്ഞു.

✪✪✪

വയനാട് ചൂരൽമല മുണ്ടക്കൈ ദുരന്തത്തിൽ കാണാതായ 32 പേരുടെ പട്ടിക ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അംഗീകരിച്ചു. ഇതുവരെ കണ്ടെത്താൻ കഴിയാതിരുന്നവരെ ദുരന്തത്തിൽ മരിച്ചവരായി കണക്കാക്കി ഗവണ്മെന്റ് ഉത്തരവ് ഉടൻ പുറത്തിറക്കും.

✪✪✪

കോട്ടയം നാട്ടകത്ത് പുലർച്ചെ ജീപ്പും ലോറിയും കൂട്ടിയിടിച്ച് രണ്ട് പേർ മരിച്ചു. മൂന്നു പേർക്ക് പരിക്കേറ്റു. ജീപ്പിലുണ്ടായിരുന്നവരാണ് മരിച്ചത്- ഇവരെ തിരിച്ചറിഞ്ഞിട്ടില്ല. ബംഗളൂരുവിൽ നിന്ന് ചരക്കു കയറ്റിവന്ന ലോറിയാണ് ജീപ്പുമായി കൂട്ടിയിടിച്ചത്.

✪✪✪

ട്രാഫിക് പൊലീസിന്റെ സംസ്ഥാന വ്യാപക സ്പെഷ്യൽ ഡ്രൈവിൽ 25,135 വാഹനങ്ങൾക്ക് പിഴ ചുമത്തി. മാർച്ച് 26 മുതൽ 31 വരെയായിരുന്നു സ്പെഷ്യൽ ഡ്രൈവ്. ദേശീയ- സംസ്ഥാന പാതകളിലെ അപകടങ്ങൾ കുറയ്ക്കാനും, സുരക്ഷിത യാത്ര ഉറപ്പാക്കാനും ലക്ഷ്യമിട്ടായിരുന്നു പരിശോധന. റോഡരികിലെ അലക്ഷ്യമായ പാർക്കിംഗ് അടക്കം നിയമലംഘനങ്ങളിൽ ഡ്രൈവർമാർക്ക് സ്പെഷ്യൽ ഡ്രൈവിന്റെ ഭാഗമായി ബോധവത്ക്കരണവും ഒരുക്കിയിരുന്നു.

✪✪✪

ഗവൺമെന്റ് ഹയർസെക്കണ്ടറി അധ്യാപകരുടെ അടുത്ത അധ്യയന വർഷത്തെ പൊതുസ്ഥലം മാറ്റത്തിന് പോർട്ടൽ തുറന്നു. അധ്യാപകരുടെ പ്രൊഫൈൽ കൃത്യമാക്കാനും, ഒഴിവുകൾ റിപ്പോർട്ടു ചെയ്യാനും ജൂൺ ഒന്നിനു മുമ്പ് സ്ഥലംമാറ്റവും, നിയമനവും പൂർത്തിയാക്കാനും സഹായിക്കുന്ന തരത്തിലാണ് പോർട്ടൽ ഒരുക്കിയിരിക്കുന്നത്. ഈ മാസം 16 വരെ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യാം.

✪✪✪

നിലമ്പൂർ ഉപതിരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U കേൽക്കർ മലപ്പുറത്തെത്തി. കലക്ടറും SP യുമുൾപ്പെടെ മുതിർന്ന ഉദ്യോഗസ്ഥരുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തി.

സിവിൽസ്റ്റേഷനിലെ EVM വിവിപാറ്റ് ഡിപ്പോയും കേൽക്കർ സന്ദർശിച്ചു. നാളെ രാഷ്ട്രീയപാർട്ടി പ്രതിനിധികളുമായി അദ്ദേഹം ചർച്ച നടത്തും.

✪✪✪

വീട്ടിലെ പ്രസവത്തെ തുടർന്ന് യുവതി മരിച്ച സംഭവം മനപൂർവമായ നരഹത്യക്ക് തുല്യമാണെന്ന് മന്ത്രി വീണാ ജോർജ് തിരുവനന്തപുരത്ത് വിലയിരുത്തി. മാതൃ-ശിശു മരണ നിരക്ക് ഏറ്റവും കുറഞ്ഞ സംസ്ഥാനമാണ് കേരളം. പക്ഷെ സമീപ കാലത്ത് ചില തെറ്റായ പ്രവണതകൾ സമൂഹത്തിൽ ഉണ്ടാകുന്നത് അഭിലഷണീയമല്ലെന്ന് അവർ പറഞ്ഞു. ലോകാരോഗ്യ ദിനാചരണം സംസ്ഥാനതല ഉദ്ഘാടനവും ഗവൺമെന്റ് ആശുപത്രികളിലെ ഡിജിറ്റൽ സംവിധാനങ്ങളുടെ ഉദ്ഘാടനവും മികച്ച ഡോക്ടർമാർക്ക് അവാർഡ് വിതരണവും നിർവഹിക്കുകയായിരുന്നു മന്ത്രി.

✪✪✪

ആലപ്പുഴയിലെ കേരള ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന്റെ 50-ാം വാർഷികാഘോഷ പരിപാടികൾ രാവിലെ മന്ത്രി P രാജീവ് ഉദ്ഘാടനം ചെയ്യും. മരുന്നുകളും, സർജിക്കൽ ഉപകരണങ്ങളും കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്ന മെഡിമാർട്ടും മന്ത്രി നാടിന് സമർപ്പിക്കും. KSDP യുടെ അഞ്ച് കിലോമീറ്റർ ചുറ്റളവിൽ ഹോം ഡെലിവറി സംവിധാനങ്ങളും ഇതോടൊപ്പം ആരംഭിക്കും.

✪✪✪

---

*News Reader: അനിൽചന്ദ്രൻ*
*News Team: അനുഷ ആത്മപ്രകാശ്, നിമിഷ ജി*
*DEO: ഷീബ*